കേരള സർക്കാർ

സംഗ്രഹം

പാർലമെന്ററികാര്യ വകുപ്പ് - മരണപ്പെട്ട മുൻ നിയമസഭാംഗം ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്ററുടെ 1,91,572/- രൂപയുടെ കുടിശ്ശിക ബാദ്ധ്യത എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പാർലമെന്ററികാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം. **27/2021/പാകാവ** തിരുവനന്തപുരം, തീയതി: 29/10/2021

---

പരാമർശം : 1. 27/04/2019 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 19/2019/പാകാവ

2. ശ്രീമതി. പത്മിനി അമ്മയുടെ (നാരായണീയം, മൂരിക്കര പി.ഒ, കക്കോടി, കോഴിക്കോട്) 25.01.2021-ലെ അപേക്ഷ

3. നിയമസഭാ സെക്രട്ടറിയുടെ 29.06.2021 തീയതിയിലെ 9111/എം.എ.ജി.1/2014/നി.സെ നമ്പർ കത്ത്

**ഉത്തരവ്**

മുൻ നിയമസഭാംഗം ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർക്ക് ബാംഗ്ലൂർ എൻ.എച്ച്. മസുംദർഷാ മെഡിക്കൽ സെന്ററിൽ "OSA Cognitive dysfunction" എന്ന രോഗവുമായി ബന്ധപ്പെട്ട പരിശോധനകൾക്കും ചികിത്സയ്ക്കുമായി 4 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ 07.01.2021 ന് അന്തരിച്ചുവെന്നും ടിയാൾക്ക് അനുവദിച്ച മെഡിക്കൽ അഡ്വാൻസ് തുകയിൽ 1,91,572/- രൂപ തിരിച്ചടയ്ക്കാൻ ബഹു. സ്പീക്കർ ഉത്തരവായിട്ടുണ്ടെന്നും ടിയാളുടെ വിധവ ശ്രീമതി. കെ.പത്മിനി അമ്മ പരാമർശം (2) പ്രകാരം അറിയ്ക്കുകയുണ്ടായി. എന്നാൽ ആയത് ക്രമീകരിക്കുന്നതിലേയ്ക്കായി മെഡിക്കൽ ബില്ലുകൾ സമർപ്പിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശ്രീമതി. പത്മിനി അമ്മ അഭ്യർത്ഥിച്ചിരുന്നു. മുൻ അംഗം മരണപ്പെട്ട സാഹചര്യത്തിൽ ശ്രീമതി. പത്മിനി അമ്മയുടെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കണമെന്ന് ബഹു. സ്പീക്കർ ഉത്തരവിട്ടതായി പരാമർശം (3) പ്രകാരം നിയമസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരണപ്പെട്ട മുൻ നിയമസഭാംഗം ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർക്ക് പരാമർശം (1) പ്രകാരം മെഡിക്കൽ അഡ്വാൻസായി അനുവദിച്ച 4 ലക്ഷം രൂപയിൽ തിരിച്ചടയ്ക്കാനുള്ള 1,91,572/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി അഞ്ഞൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) യുടെ കുടിശ്ശിക ബാദ്ധ്യത എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പലിശരഹിത ചികിത്സാവായ്പയായി '2071-01-111-98' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച 4,00,000/- രൂപയിൽ ക്രമീകരിക്കുന്നതിന് ബാക്കിയുണ്ടായിരുന്ന 1,91,572/- രൂപ '2075-00-795-93-00-N-V-INTEREST FREE LOAN FOR MEDICAL TREATMENT - WRITE OFF' (BP - Rs. 15,00,000/- (CCO-ACS(Fin)) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കേണ്ടതും അപ്രകാരം അനുവദിച്ച തുക '2071-00-911-99-

(...2)

00-N-V-DEDUCT RECOVERIES OF OVER PAYMENT എന്ന ശീർഷകത്തിലേയ്ക്ക് ഒടുക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ തുടർ നടപടികൾ നിയമസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജു നാരായണ സ്വാമി**

പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീമതി. കെ. പത്മിനി അമ്മ, നാരായണീയം, മൂരിക്കര പി.ഒ, കക്കോടി, കോഴിക്കോട് - 673 611

സെക്രട്ടറി, കേരള നിയമസഭ (ആമുഖകത്ത് സഹിതം)

ധനകാര്യ വകുപ്പ് (03/08/2021, 05/09/2021 തീയതികളിലെ 1803616/വ്യയം ബി4/115/2021-ധന നം. കുറിപ്പ് പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreekumary.K

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-10-2021

ഫയൽ നം. പാ.കാ.വ.-എ2/20/2021-പാ.കാ.വ. ഇനം നം: 343

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - മുൻ നിയമസഭാംഗം ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ ബാദ്ധ്യത എഴുതിത്തള്ളുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

GOVERNMENT OF KERALA

**(SHRI. PINARAYI VIJAYAN MINISTRY)**

NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File number | : PAD-A2/20/2021-PAD |
| 2 | Department | : Parliamentary Affairs (A) Department |
| 3 | Subject | : Writing off the outstanding liability of Sri. K.K.Ramachandran Master , Ex-MLA - Reg |
| 4 | Date of Chief Minister's order for placing before the Council; | : 14.10.2021 |
| 5 | I) Does the case involve financial commitments/implications; | : i)Yes |
| | ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note; | : ii)Yes |
| 6 | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for the Council; | : No |
| 7 | Name of Additional Secretary who submitted the draft note; | : Sri. Bency J. |
| 8 | Name of the Principal Secretary who approved the draft note; | : Dr. Raju Narayana Swamy |
| 9 | Date of approval of the draft note for the Council by the Principal Secretary; | : 21.10.2021 |
| 10 | Name of the Chief Secretary who approved the draft note; | : Dr. V.P. Joy |
| 11 | Date of approval of the draft note for the council by the Chief Secretary; | : 23.10.2021 |
| 12 | Name of the Minister who approved the draft note; | : Sri. K. Radhakrishnan |
| 13 | Date of approval of the draft note for the council by the Minister; | : 25.10.2021 |
| 14 | Date of submission of fair copies; | : 26.10.2021 |
| 15 | Date of decision by the council of Ministers; | : |
| 16 | Number and date of Government Order/Letter communicating the decision; | : |

## Note for the Council of Ministers

This note deals with writing off the outstanding liability of Rs. 1,91,572/- (Rupees One lakh Ninety One Thousand Five Hundred and Seventy Two only) in respect of the Late Ex-MLA Sri. K.K.Ramachandran Master.

As per GO(Rt) No. 19/2019/PAD Dated 27.04.2019, Medical Advance of Rs. 4 Lakhs has been sanctioned to Sri. K.K.Ramachandran Master, Ex-MLA for checkup and treatment in connection with the "OSA Cognitive dysfunction" disease at N.H.Mazumdar Shaw Medical Centre, Bangalore. Smt. K. Padmini Amma, widow of Sri. K.K.Ramachandran Master has informed that Sri. K.K.Ramachandran Master passed away on 07.01.2021 and the Hon'ble Speaker has ordered to refund an amount of Rs. 1,91,572/- out of the medical advance sanctioned to him. But since she could not submit the medical bills for regularising the medical advance, she has requested to take action to write off the same. The Secretary, Kerala Legislature Secretariate has informed that since the former member is no more, the Hon'ble Speaker has ordered to consider the request of Smt. Padmini Amma sympathetically. The remarks of Finance Department on the matter is as follows:

"Finance concurs to write off the outstanding liablities of Rs. 1,91,572/- in respect of the late MLA Sri. K.K.Ramachandran. AD is requested to proceed for writing off with the approval of the Council of Ministers.

This has the approval of Hon. Minister (Finance).

പലിശരഹിത ചികിത്സാവായ്പയായി '2071-01-111-98' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച 4,00,000/- രൂപയിൽ ക്രമീകരിക്കുന്നതിന് ബാക്കിയുണ്ടായിരുന്ന 1,91,572/- രൂപ '2075-00-795-93-00-N-V-INTEREST FREE LOAN FOR MEDICAL TREATMENT - WRITE OFF' (BP - Rs. 15,00,000/- (CCO-ACS(Fin)) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കേണ്ടതും അപ്രകാരം അനുവദിച്ച തുക '2071-00-911-99-00-N-V-DEDUCT RECOVERIES OF OVER PAYMENT' എന്ന ശീർഷകത്തിലേയ്ക്ക് ഒടുക്കേണ്ടതുമാണ് എന്നും ഇതിന് ആവശ്യമായ ഉത്തരവ് ഭരണ വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

In these circumstances, it has to be decided whether The Secretary, Kerala

Legislature Secretariat may be directed to take steps to write off the outstanding amount of Rs. 1,91,572/- out of Rs. 4 Lakhs sanctioned to Sri. K.K.Ramachandran Master vide GO(Rt) No. 19/2019/PAD Dated 27.04.2021 for checkup and treatment in connection with the disease "OSA Cognitive dysfunction" at N.H.Mazumdar Shaw Medical Centre, Bangalore.

Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether the outstanding liabilities of Rs. 1,91,572/- in respect of the late Ex-MLA Sri. K.K.Ramachandran may be written off?

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **പാ.കാ.വ-എ 2/20/2021-പാ.കാ.വ** |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (എ) വകുപ്പ് |
| 3 | വിഷയം | : | മുൻ നിയമസഭാംഗം ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്ററുടെ ബാദ്ധ്യത എഴുതിത്തള്ളുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 14.10.2021 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | :<br>: | i)അതെ<br>ii)ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീ. ബെൻസി ജെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്; | : | ഡോ. രാജു നാരായണ സ്വാമി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി; | : | 21.10.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 23.10.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 25.10.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 26.10.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും; | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മരണപ്പെട്ട മുൻ നിയമസഭാംഗം ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്ററുടെ ബാദ്ധ്യതയായ 1,91,572/- (ഒരു ലക്ഷത്തിതൊണ്ണൂറ്റിയൊന്നായിരത്തി അഞ്ഞൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) എഴുതിത്തള്ളുന്ന വിഷയം സംബന്ധിച്ചതാണ് ഈ കുറിപ്പ്.

മുൻ നിയമസഭാംഗം ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർക്ക് ബാംഗ്ലൂർ എൻ.എച്ച്. മസുംദർഷാ മെഡിക്കൽ സെന്ററിൽ "OSA Cognitive dysfunction" എന്ന രോഗവുമായി ബന്ധപ്പെട്ട പരിശോധനകൾക്കും ചികിത്സയ്ക്കുമായി 4 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് 27.04.2019-ലെ സ.ഉ.(സാധാ) നം. 19/2019/പാകാവ പ്രകാരം അനുവദിച്ചിരുന്നു. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ 07.01.2021-ന് അന്തരിച്ചുവെന്നും ടിയാൾക്ക് അനുവദിച്ച മെഡിക്കൽ അഡ്വാൻസ് തുകയിൽ **1,91,572/-** രൂപ തിരിച്ചടയ്ക്കാൻ ബഹു. സ്പീക്കർ ഉത്തരവായിട്ടുണ്ടെന്നും ടിയാളുടെ വിധവ ശ്രീമതി. കെ.പത്മിനി അമ്മ അറിയിക്കുകയുണ്ടായി. എന്നാൽ ആയത് ക്രമീകരിക്കുന്നതിലേയ്ക്കായി മെഡിക്കൽ ബില്ലുകൾ സമർപ്പിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തുക എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശ്രീമതി പത്മിനി അമ്മ അഭ്യർത്ഥിച്ചിരുന്നു. മുൻ അംഗം മരണപ്പെട്ട സാഹചര്യത്തിൽ, ശ്രീമതി. പത്മിനി അമ്മയുടെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കണമെന്ന് ബഹു. സ്പീക്കർ ഉത്തരവിട്ടതായി നിയമസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"Finance concurs to write off the outstanding liablities of Rs. 1,91,572/- in respect of the late MLA Sri. K.K.Ramachandran. AD is requested to proceed for writing off with the approval of the Council of Ministers.

This has the approval of Hon.Minister (Finance)

പലിശരഹിത ചികിത്സാവായ്പയായി '2071-01-111-98' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച 4,00,000/- രൂപയിൽ ക്രമീകരിക്കുന്നതിന് ബാക്കിയുണ്ടായിരുന്ന 1,91,572/- രൂപ '2075-00-795-93-00-N-V-INTEREST FREE LOAN FOR MEDICAL TREATMENT - WRITE OFF' (BP - Rs. 15,00,000/- (CCO-ACS(Fin)) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കേണ്ടതും 'അപ്രകാരം അനുവദിച്ച തുക '2071-00-911-99-00-N-V-DEDUCT RECOVERIES OF OVER PAYMENT' എന്ന ശീർഷകത്തിലേയ്ക്ക് ഒടുക്കേണ്ടതുമാണ് എന്നും ഇതിന് ആവശ്യമായ ഉത്തരവ് ഭരണ വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

മേൽ സാഹചര്യത്തിൽ, മുൻ നിയമസഭാംഗം ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർക്ക്

ബാംഗ്ലൂർ എൻ.എച്ച്. മസുംദർഷാ മെഡിക്കൽ സെന്ററിൽ **"OSA Cognitive dysfunction"** എന്ന രോഗവുമായി ബന്ധപ്പെട്ട പരിശോധനകൾക്കും ചികിത്സയ്ക്കുമായി **27.04.2019**-ലെ സ.ഉ.(സാധാ) നം. **19/2019**/പാകാവ പ്രകാരം അനുവദിച്ച നാല് ലക്ഷം രൂപയിൽ തിരിച്ചടയ്ക്കാനുള്ള 1,91,572/- രൂപ എഴുതിത്തള്ളാനുള്ള നടപടികൾ സ്വീകരിക്കാൻ നിയമസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്താവുന്നതാണോയെന്ന വിഷയം തീരുമാനിക്കപ്പെടേണ്ടതുണ്ട്.

ഈ വിഷയം മന്ത്രിസഭാ യോഗ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

മരണപ്പെട്ട മുൻ നിയമസഭാംഗം ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്ററുടെ 1,91,572/- രൂപയുടെ കുടിശ്ശിക ബാദ്ധ്യത എഴുതിത്തള്ളാമോ?